01/01/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in

**ഹർജി നമ്പർ AP No.1004(6)/2021/എസ്.ഐ.സി.**

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.*8213/എസ്.ഐ.സി-ജി 5/2021*)

സന്നിഹിതൻ

അഡ്വ. എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

തീയതി:16.12.2021

ശ്രീമതി. സിനി വർഗീസ്,
രമണി നിലയം, കരുവാറ്റ,
അടൂർ പി.ഒ., പത്തനംതിട്ട } അപ്പീൽ ഹർജിക്കാരി

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & ഡെപ്യൂട്ടി തഹസിൽദാർ (ആസ്ഥാനം), താലൂക്ക് ആഫീസ്, അടൂർ, പത്തനംതിട്ട
2. അപ്പീൽ അധികാരി, തഹസിൽദാർ (ആസ്ഥാനം), താലൂക്ക് ആഫീസ്, അടൂർ, പത്തനംതിട്ട

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 15.04.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 06.05.2021 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 18.06.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 12.07.2021 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 24.07.2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 29.07.2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 24.08.2021 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 07.09.2021 |
| ഹിയറിംഗ് തീയതി & സ്ഥലം | 10.12.2021 റസ്റ്റ് ഹൗസ് തിരുവല്ല |
| ഹിയറിംഗിലെ സാന്നിദ്ധ്യം<br>ഹർജിക്കാരി<br>ഒന്നാം എതിർകക്ഷി | <br>ഹാജരായി<br>ഹാജരായി |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരിയായ ശ്രീമതി. സിനി വർഗീസ് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ ബോധിപ്പിച്ചത്, ടിയാൾ വിവരാവകാശ നിയമ പ്രകാരം സമർപ്പിച്ച അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ലെന്നും പകർപ്പ് ഫീസ് അടക്കാൻ നിർദ്ദേശിച്ചിരുന്നുവെന്നും ആയതു പ്രകാരം ഫീസ് അടച്ച് രസീത് ഹാജരാക്കിയതിന്മേൽ ലഭ്യമാക്കിയ പകർപ്പുകളിൽ താലൂക്ക് ആഫീസ് അടൂർ എന്ന സീൽ ഇല്ലായിരുന്നുവെന്നും കോപ്പി വ്യക്തമല്ലെന്നും ആയതിനാൽ അപ്പീൽ അധികാരി മുമ്പാകെ ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും ടി അപ്പീൽ അപേക്ഷയിന്മേൽ അപ്പീൽ അധികാരി ഒന്നാം എതിർകക്ഷിയെ അനുകൂലിച്ചുകൊണ്ട് മറുപടി ലഭ്യമാക്കിയെന്നും ടിയാൾ ആവശ്യപ്പെട്ട ചോദ്യങ്ങളിൽ 4,5,6,8,9,14 എന്നിവക്ക് മറുപടി തൃപ്തികരമല്ലെന്നും ടി ചോദ്യങ്ങൾക്ക് വ്യക്തമായ മറുപടി ലഭ്യമാക്കണമെന്നും 15.04.2021 ലെ പരാതിയുടെ കോപ്പികളും ലഭ്യമാക്കാൻ വേണ്ട നടപടി കമ്മീഷൻ സ്വീകരിക്കണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ ഹർജിക്കാരൻ 15.04.2021 ൽ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടത്, ഡി1 6225/17 ഫയലിൽ ഉള്ള ജോൺ മാത്യുവിന്റെ അപേക്ഷയുടെ ഒരു കോപ്പി നൽകണമെന്നും ടി ഫയലിന്മേൽ 19/07/2018 ൽ ടിയാന്റെ അമ്മ നൽകിയ പരാതിയും ബഹു. കോടതിയുടെ നിരോധന ഉത്തരവും ആർ.ഡി.ഒ. ക്ക് 27/07/2018 ൽ ടിയാൻ നൽകിയ പരാതിയും

നിലനിൽക്കെ വീണ്ടും ടി ഫയലിന്മേൽ അളവ് നടപടിയുമായി സർവ്വെയർ അനീഷ് ജോർജിനേയും ഹെൽപ്പറും അളവ് സാമഗ്രികളുമായി ടി വസ്തുവിലേക്ക് വിട്ടത് എന്തടിസ്ഥാനത്തിലാണ് എന്നും മറ്റുമായി 14 ഇനങ്ങളിലായുള്ള വിവരങ്ങളാണ്. ആയതിന് ഒന്നാം എതിർകക്ഷി 06.05.2021 ൽ നൽകിയ മറുപടിയിൽ പകർപ്പുകൾ ലഭ്യമാക്കാൻ ഫീസ് അടക്കാൻ നിർദ്ദേശിച്ചതായും ക്രമനമ്പർ 4,7 എന്നിവക്ക് 'ബാധകമല്ല' എന്നും മറ്റുമായി 14 ഇനങ്ങൾക്കും മറുപടി നൽകിയതായി കാണുന്നു. ആയതിനാൽ ടിയാൾ രണ്ടാം എതിർകക്ഷി മുമ്പാകെ ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ചു. രണ്ടാം എതിർകക്ഷി ടി അപ്പീൽ അപേക്ഷയിന്മേൽ, ഹർജിക്കാരി വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെട്ടിട്ടുള്ളതും നിശ്ചിത ഫീസ് ഒടുക്ക് വരുത്തിയിട്ടുള്ളുമായ ഡി1–6225/17–ാം നമ്പർ ഫയലിലെ 56 പേജിന്റെ വ്യക്തമായ പകർപ്പുകൾ ഓഫീസ് സീൽ പതിച്ച് ഒപ്പ് രേഖപ്പെടുത്തി 16.07.2021 തീയതിക്ക് മുമ്പ് സൗജന്യമായി ഹർജികക്ഷിക്ക് നൽകുന്നതിന് എസ്.പി.ഐ.ഒ.യോട് നിർദ്ദേശിച്ചതായി കാണുന്നു. കൂടാതെ ടിയാന്റെ 4,8,9,14 നമ്പർ ചോദ്യങ്ങൾക്ക് എസ്.പി.ഐ.ഒ. നൽകിയിട്ടുള്ള മറുപടി ശരിയാണെന്നും അറിയിച്ച് അപ്പീൽ തീർപ്പാക്കിയതായും കാണുന്നു.

3. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ 07.09.2021 ൽ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജികക്ഷി ബോധിപ്പിച്ചിട്ടുള്ള 30 ദിവസത്തിനകം മറുപടി ലഭ്യമായിട്ടില്ല എന്ന ആരോപണം ശരിയല്ല എന്നും വിവരാവകാശ നിയമപ്രകാരം സമയബന്ധിതമായി ടിയാൾക്ക് മറുപടി നൽകിയിട്ടുള്ളതാണെന്നും ടിയാൾ ആവശ്യപ്പെട്ട നിശ്ചിത ഫീസ് ഒടുക്ക് വരുത്തിയിട്ടുള്ള അതിർത്തി നിർണ്ണയവുമായി ബന്ധപ്പെട്ട ഫയലിലെ 56 പേജിന്റെ പകർപ്പുകൾ

RIGHT TO INFORMATION

നൽകിയതിൽ വ്യക്തത കുറവുണ്ടെന്നും ഓഫീസ് സീൽ പതിച്ച് നൽകിയിട്ടില്ലെന്നും ബോധിപ്പിച്ച സാഹചര്യത്തിൽ ആയത് ടിയാൾക്ക് നൽകുന്നതിന് എസ്.പി.ഐ.ഒ.ക്ക് നിർദ്ദേശം നൽകിയിരുന്നുവെന്നും എന്നാൽ ടി പകർപ്പുകൾ നേരിൽ എത്തി കൈപ്പറ്റാം എന്ന് ടിയാൾ ഫോണിൽ അറിയിച്ചിട്ടുള്ളതിനാലാണ് ആയത് തപാൽ മാർഗം അയക്കാതെ സൂക്ഷിച്ചതെന്നും 23.07.2021 വരെ പകർപ്പുകൾ കൈപ്പറ്റിയില്ലെന്ന സാഹചര്യത്തിൽ ടിയാളെ തുടർച്ചയായി ഫോണിൽ ബന്ധപ്പെട്ടതിന് ശേഷം 23.07.2021 തീയതി തപാൽ മാർഗം അയച്ചിട്ടുള്ളതാണെന്നുമാണ്. ആയത് അപ്പീൽ ഹർജികക്ഷി സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിച്ച ശേഷമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരിയുടെ വിവരാവകാശ അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി സമയബന്ധിതമായി മറുപടി നൽകിയിട്ടുണ്ടെങ്കിലും ടിയാൾ ആവശ്യപ്പെട്ട രേഖകൾ/പകർപ്പുകൾ നൽകിയിട്ടുള്ളതായി കാണുന്നില്ല. ടിയാളുടെ ഒന്നാം അപ്പീൽ അപേക്ഷയിന്മേൽ രണ്ടാം എതിർകക്ഷി കോപ്പികൾ നൽകാൻ നിർദ്ദേശിച്ചുവെങ്കിലും ആയതിന്മേലും പൂർണ്ണമായി വിവരങ്ങൾ ലഭ്യമാക്കിയില്ലെന്നാണ് ഹർജിക്കാരി ഹിയറിംഗ് വേളയിൽ ബോധിപ്പിച്ചത്. ഗവൺമെന്റ് പ്ലീഡറുടെ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് വീണ്ടും വസ്തുവിൽ ടിയാളെ നോട്ടീസ് നൽകി അറിയിക്കാതെ അളവ് നടത്തിയതെന്ന സർവ്വെയർ ശ്രീ. അനീഷ് ജോർജിന്റെ മറുപടിക്കാധാരമായ ഗവൺമെന്റ് പ്ലീഡറുടെ ഉത്തരവ് ലഭിക്കണമെന്ന് ഹർജികക്ഷി ഹിയറിംഗിൽ മൊഴി നൽകിയിട്ടുള്ളതാണ്. അതുപോലെ തന്നെ ടിയാളുടെ മാതാവ് 154-21 ൽ

നൽകിയ പരാതിയുടെ പകർപ്പ് നൽകണം എന്നും ടിയാൾ മൊഴി രേഖപ്പെടുത്തി. ഇരുകക്ഷികളേയും വിശദമായി കേട്ടശേഷം പരാതിക്കാരി ആവശ്യപ്പെട്ട എഫ്.എം.ബി സൗജന്യമായി ഹർജികക്ഷിക്കു നൽകണമെന്നും ഫോം 12 ന്റെ വായിക്കത്തക്കതായ പകർപ്പ് ടിയാൾക്കു നൽകണമെന്നും ഹർജികക്ഷിയുടെ മാതാവ് 15.04.2021 ൽ നൽകിയ പരാതിയുടെ പകർപ്പും ഒന്നാം അപ്പീൽ ഉത്തരവിൽ പറഞ്ഞ പ്രകാരം വ്യക്തമായതും വായിക്കാൻ കഴിയുന്നതുമായ രേഖകളും ഹർജികക്ഷിക്കു നൽകേണ്ടതാണെന്നും ഉത്തരവാകുന്നു. ഹർജികക്ഷി പകർപ്പ് ഫീസ് അടച്ച് ലഭ്യമാക്കിയ 56 പേജിന്റെ രേഖകൾ ഒന്നാം അപ്പീൽ നിർദ്ദേശപ്രകാരം 27/07/2021 ൽ ലഭ്യമായിട്ടുള്ളതായി ഹിയറിംഗിൽ പറഞ്ഞിട്ടുള്ളതിനാൽ എഫ്.എം.ബി. അടക്കമുള്ള രേഖകൾ ഉത്തരവ് ലഭിച്ച് 10 ദിവസത്തിനകം രജിസ്റ്റേർഡ് പോസ്റ്റിൽ ടിയാൾക്കു അയച്ച് നൽകി വിവരം കമ്മീഷനെ രേഖാമൂലം അറിയിക്കേണ്ടതാണെന്നു കമ്മീഷൻ ഉത്തരവാകുന്നു.

5. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2021, ഡിസംബർ 16–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

അഡ്വ.എച്ച്. രാജീവൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)
dp